പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 129 | 10.02.2020 ലെ മറുപടിക്ക്

## നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി സി.കെ. ആശ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;<br><br>(ബി) നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും നാളികേര കൃഷി വികസനത്തിൽ കൗൺസിൽ വഹിക്കുന്ന പങ്കിനെക്കുറിച്ചുള്ള വിവരങ്ങളും ലഭ്യമാക്കുമോ;<br><br>(സി) തെങ്ങ് കൃഷിയുടെ വ്യാപനത്തിനും ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയവ നടുന്നതിനും പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ; | (എ)&(ബി)&(സി) കേര കൃഷിയുടെ വിസ്തീർണ്ണത്തിൽ കേരളം മുന്നിലാണെങ്കിലും പ്രതി ഹെക്ടർ നാളീകേര ഉൽപ്പാദനം ദേശീയ ശരാശരിയേക്കാൾ താഴെയാണ്. കേര കൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിന് വേണ്ടി കേരകൃഷിയുടെ വിസ്തൃതി, നാളീകേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളീകേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പ് വരുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടു കൂടി മിഷൻ മോഡ് മാതൃകയിൽ കൃഷി വകുപ്പ് മന്ത്രി ചെയർമാനായി സംസ്ഥാനതല ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ എന്ന ഘടനയിൽ നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് വാർഡുതല ക്ലസ്റ്ററുകൾ, പഞ്ചായത്ത് തല കേര സമിതികൾ, ബ്ലോക്ക് തല ഫെഡറേഷനുകൾ |

എന്നിവയും രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങു കൃഷി വ്യാപിപ്പിക്കുവാനും നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ ഉൽപ്പാദന ക്ഷമത ഇല്ലാത്തതും പ്രായംചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻതൈകൾ 3 ലക്ഷം ഹെക്ടർ സ്ഥലത്ത് നട്ടുപിടിപ്പിക്കുന്നതിനും തെങ്ങിന്റെ ഉൽപ്പാദന ക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 9000 നാളികേരമായി ഉയർത്തുവാനും ലക്ഷ്യമിടുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉൽപ്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻ തൈ ഉൽപ്പാദക കേന്ദ്രങ്ങളിലെ ഉൽപ്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്ത് തേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേൻമയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.നെടിയ ഇനം, കുറിയ ഇനം, സങ്കര ഇനം എന്നിവ 60:20:20 അനുപാതത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. 10 വർഷം കൊണ്ട് ഇപ്രകാരം രണ്ട് കോടി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. വിളവെടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിയ്ക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം

| | |
|---|---|
| | നൽകുന്നതിനും കേര കർമ്മസേനകൾ രൂപീകരിക്കുന്നതിനും നിലവിലുള്ള കാർഷിക കർമ്മസേന അഗ്രോസർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടത്തി വരുന്നു. 2019-20 സാമ്പത്തിക വർഷം സമഗ്ര നാളികേര വികസനത്തിനായി 1900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്..<br>നാളികേര വികസന കൗൺസിലിന്റെ "കേരകേരളം സമൃദ്ധ കേരളം" എന്ന പദ്ധതി പ്രകാരം ഗുണമേൻമയുള്ളതും അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകളുടെ വിതരണോദ്ഘാടനം 06.07.2019 ന് ബഹു മുഖ്യമന്ത്രി കോഴിക്കോട് ജില്ലയിൽ നിർവ്വഹിച്ചു.<br>കേര ഗ്രാമങ്ങളായി തെരഞ്ഞെടുക്കപ്പെട്ട 300 പഞ്ചായത്തുകളും കേരഗ്രാമങ്ങളില്ലാത്ത നിയോജക മണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളും ഉൾപ്പെടെ 500 പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും വാർഡ് ഒന്നിന് 75 തെങ്ങിൻ തൈ എന്ന നിരക്കിൽ കർഷകർക്ക് 50% സബ്സിഡിയോട് കൂടി തെങ്ങിൻ തൈകൾ വിതരണം ചെയ്ത് വരുന്നു.<br>കോൾ നിലങ്ങളിലെ ബണ്ടുകളിൽ 3-4 മാസം പ്രായമുള്ള 15326 തെങ്ങിൻ തൈകൾ സൗജന്യമായി വച്ചു പിടിപ്പിച്ചു. |
| (ഡി) തെങ്ങിൽ നിന്നുള്ള പ്രധാന ഉല്പന്നങ്ങളായ ഉരുക്കെണ്ണ, വെളിച്ചെണ്ണ, നീര എന്നിവ ആരോഗ്യസംരക്ഷണത്തിൽ വഹിക്കുന്ന പങ്കിനെക്കുറിച്ച് ക്ലിനിക്കൽ പഠനങ്ങൾ നടത്തുന്നുണ്ടോ; | (ഡി) വിർജിൻ കോക്കനട്ട് ഓയിൽ, വെളിച്ചെണ്ണ, നീര എന്നിവയെപ്പറ്റി ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കോക്കനട്ട് ഡവലപ്മെന്റ് ബോർഡ് ക്ലിനിക്കൽ സ്റ്റഡീസ് നടത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ അനുബന്ധം I |

| | |
|---|---|
| വ്യക്തമാക്കുമോ; | ആയി ചേർക്കുന്നു. |
| (ഇ) തെങ്ങിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഇ) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോല്പന്ന സംസ്കരണത്തിനും വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കോക്കനട്ട് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് കൃഷിവകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് വേങ്ങേരിയിലെ നഗര കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രത്തിൽ നാളികേരവും അനുബന്ധ ഉൽപ്പന്നങ്ങളും വിപണനം നടത്തുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിൽ ഒരു അഗ്രോ പാർക്ക് സ്ഥാപിക്കുന്ന നടപടികളും പുരോഗമിച്ചു വരുന്നു. അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ(SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിച്ചിട്ടുണ്ട്.<br>പൊതുമേഖലാ സ്ഥാപനമായ കേരഫെഡ് കേരവെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട്, കേര ചമ്മന്തിപ്പൊടി, കേര മിൽക്ക്, പൗഡർ, കേരജം, കേശാമൃത്,ഹെർബൽ ഓയിൽ മുതലായവ നിർമ്മിച്ച് ഇന്ത്യക്കകത്തും വിദേശത്തും വിപണനം നടത്തി വരുന്നു. കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന നീര, നീര ഷുഗർ, നീര ലഡു, നീര വിനീഗർ തുടങ്ങിയ ഉൽപ്പന്നങ്ങൾ നാളികേര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ വിപണനം നടത്തി വരുന്നു. |

| | |
|---|---|
| | സംസ്ഥാനത്ത് കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന കൃഷിവകുപ്പ് 2016 മുതൽ “വൈഗ”എന്ന അന്തർദേശീയ ശിൽപശാലയും പ്രദർശനവും സംഘടിപ്പിച്ചുവരുന്നു. |

ഡെപ്യൂട്ടി സെക്രട്ടറി

-

അനുബന്ധം - I

List of clinical studies on Virgin Coconut Oil, Coconut Oil and Neera undertaken with the assistance of Coconut Development Board under the 'Technology Mission on Coconut' – for LA interpellation-starred question no.129

| Sl. No. | Basic Product of study | Name of the Project | Implementing agency |
|---|---|---|---|
| 1. | Virgin Coconut Oil | Effect of Virgin coconut oil as a Dietary supplement on lipid profile and oxidative stress in dyslipidemic individuals with Low High density lipoproteins [HDL]. | Amrita Institute of Medical Sciences and Research Centre, Kochi, Kerala |
| 2. | Virgin Coconut Oil | Virgin Coconut Oil as a neuro regenerative agent for Alzheimer's disease- Computational analysis Pharmacogenomic study. | Amrita Viswa Vidyapeetham, Amritanagar, Coimbatore, Tamil Nadu |
| 3. | Virgin Coconut Oil | Health benefits of dietary intake of Virgin coconut oil on neural-immune network. | SRM University, Tamil Nadu |
| 4. | Virgin Coconut Oil | Value added formulation of Ayurvedic drug Ksheerabala by using Virgin Coconut Oil and its therapeutic effects on arthritis. | St. Thomas College, Pala, Kottayam, Kerala |
| 5. | Coconut oil | Isolation, characterization and evaluation of in vitro anti-cancer and antioxidant activities of polyphenols from kernel and oil from coconut. | MG University, Kottayam, Kerala |
| 6. | Coconut oil | Impact of Coconut Oil as a cooking medium on cardiovascular risk factors and clinical outcomes in patients with coronary artery disease receiving standard medical care: A randomized case controlled study with poly-unsaturated Sunflower Oil. | Amrita Institute of Medical Sciences, Kochi |
| 7 | Virgin Coconut Oil | Effect of Virgin Coconut Oil on Cardiometabolic Parameters in Patients with Dyslipidemia: A Randomized, add-on, Placebo Controlled Clinical Trial | All India Institute of Medical Sciences, Bhubaneswar, Odisha |
| 8 | Virgin Coconut Oil | Study the efficacy of Virgin Coconut Oil in Preventing Oral Cancer in Patient with an Oral Premalignant Lesion | All India Institute of Medical Sciences, Bhubaneswar, Odisha |
| 9 | Coconut Neera Syrup | Value Addition of Coconut Syrup and Its Scientific Validation for Health Benefits | NIIST, Trivandrum Kerala |